(എഫ്) മുഴുവൻ നെൽപ്പാടങ്ങളിലും കൃഷിയിറക്കാൻ ഇപ്പോൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) 3.87 ലക്ഷം ഹെക്ടറാണ് ആകെ നെൽപ്പാടങ്ങളുടെ വിസ്തീർണം (ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കണക്കു പ്രകാരം).

(സി) അപ്രകാരം പരാതികളുണ്ടാകുന്നുണ്ട്. പരാതികൾ കിട്ടുന്ന കേസുകളിൽ കർശനമായ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി)&(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) നെൽപ്പാടങ്ങൾ തരിശിടുന്നത് ഒഴിവാക്കുന്നതിലേക്ക് ലക്ഷ്യ ബോധത്തോടെയുള്ള ഒരു പുതിയ കാഴ്ചപ്പാട് നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ നെല്ലിടിസ്ഥാനത്തിലുള്ള കൃഷിസംവിധാനങ്ങളുടെ സചേതനമായ പരിപോഷണം എന്ന പദ്ധതി നടപ്പാക്കുന്നത്. നെൽകൃഷിക്ക് സാദ്ധ്യത ഏറെയുള്ളതും ഉല്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതും നെൽകൃഷി സചേതനമായി നിലനിൽക്കുമെന്നു ഉറപ്പുള്ളതുമായ പ്രദേശങ്ങളിലും പരമ്പരാഗതമായി നെൽകൃഷി തുടർന്നുവരുന്ന ഇരുപ്പുനിലങ്ങളിലും കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ ശ്രമങ്ങളും സഹായങ്ങളും അവിടെ സമാഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ഉല്പാദന ബോണസ്, വൈദ്യുതി സൗജന്യം, ജലസേചനത്തിനും നിർഗ്ഗമനത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ ചെയ്തു കൊടുക്കുന്നുണ്ട്.

13 (*538) സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങളിലെ റെയിൽവേ വികസനത്തിന് കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ റെയിൽവേ സോൺ അടിസ്ഥാനത്തിലാണ് പണം വകകൊള്ളിക്കുന്നതെന്ന് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ സംസ്ഥാനത്തിനു പ്രത്യേക റെയിൽവേ സോൺ ഇല്ലാത്തതുകൊണ്ടാണ് റെയിൽവേയുടെ അടിസ്ഥാന വികസന രംഗത്ത് സംസ്ഥാനത്തിനു മതിയായ പരിഗണന ലഭിക്കാത്തതെന്നത് സർക്കാരിന് ബോധ്യമായിട്ടുണ്ടോ;

(സി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കു പ്രത്യേക റെയിൽവേ സോൺ അനുവദിച്ചിരിക്കുന്നത് സംസ്ഥാന സർക്കാരിന് അറിവുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ അനുവദിക്കണമെന്ന ആവശ്യം എന്നെങ്കിലും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് റെയിൽവേ സോൺ അനുവദിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) ഈ പ്രസ്താവന ശരിയല്ലെന്നാണ് റെയിൽവേ അധികൃതരിൽ നിന്നും അറിയാൻ കഴിഞ്ഞത്. പാസഞ്ചർ, ഗുഡ്സ് ട്രാഫിക് എന്നിവയുടെ അടിസ്ഥാനത്തിലാണ് റെയിൽവേ സോൺ തീരുമാനിക്കുന്നത്.

(സി) ഭാരതീയ റെയിൽവേ ഓരോ സംസ്ഥാനത്തിനും ഓരോ സോൺ അനുവദിച്ചിട്ടില്ല.

(ഡി)&(ഇ) കേരളത്തിന് പ്രത്യേകമായി ഒരു സോണൽ ആഫീസ് വേണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

14 (*539) ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ. ബാബു :

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായനിരോധനം ഏർപ്പെടുത്തിയതിനെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആരെയെങ്കിലും നിയോഗിച്ചിരുന്നുവോ; എങ്കിൽ ആരെയാണ്;

(ബി) അദ്ദേഹം എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) ഈ നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(ഡി) ഇതുമൂലം തൊഴിലാളികൾക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ലേബർ കമ്മീഷണറായിരുന്ന ശ്രീ. ഏലിയാസ് ജോർജിനെ ചുമതലപ്പെടുത്തുകയുണ്ടായി.

(ബി)-(ഡി) ശ്രീ. ഏലിയാസ് ജോർജിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽരഹിതരായ ചാരായത്തൊഴിലാളികളെ സർക്കാർ ആഭിമുഖ്യത്തിൽ പുനരധിവസിപ്പിക്കുക പ്രായോഗികമല്ലെന്നു കാണുകയാൽ അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തൊഴിൽ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly